കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലം ഇറമുഖത്ത് മൊബൈൽ ക്രെയിനും വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിൽ റീച്ച് സ്റ്റാക്കറുകളും വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കി വയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഹാൻഡ്ലിംഗ് ഫോർക്ക് ലിഫ്റ്റ് കൊല്ലം ഇറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്. വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിൽ ക്രെയിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും വലിച്ച് മാറ്റുന്നതിനുമായി ടഗ്ഗുകൾ കൊല്ലം, ബേപ്പൂർ പോർട്ടുകളിൽ കമ്മീഷൻ ചെയ്തു. ഇവയുടെ നിർമ്മാണത്തിന് 9 കോടിരൂപയോളം ചെലവായി. 100 ടൺ കപ്പാസിറ്റിയുള്ള വേയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം ഇറമുഖത്ത് പൂർത്തിയാക്കിയിട്ടുണ്ട്. സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ ഇറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ, അഴീക്കൽ എന്നീ പോർട്ടുകളിൽ ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യമാംസാദികൾ, പച്ചക്കറികൾ തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാട് കൂടാതെ സൂക്ഷിക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ ഇറമുഖങ്ങളിൽ ശീതീകരണ സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം ഇറമുഖത്തിന്റെ ആഴം 9 മീറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്.

എസ്.ഐ. നിയമനം

262 (239) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ എസ്.ഐ.(ജി.ഇ) തസ്തികയിലേക്ക് 2015 നവംബർ 11-ന് പി.എസ്.സി. അഡ്വൈസ് ചെയ്ത 339 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയോ എന്ന് അറിയിക്കാമോ ;

(ബി) നിയമനം നൽകിയിട്ടില്ലെങ്കിൽ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ നിയമനം എപ്പോൾ ആകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പി.എസ്.സി. അഡ്വൈസ് ചെയ്ത 339 ഉദ്യോഗാർത്ഥികളിൽ ആദ്യത്തെ 84 പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) കത്ത് നമ്പർ RIC(1)16113/13/GW തീയതി 11-11-2015 പ്രകാരം പി.എസ്.സി. 339 പേർക്ക് എസ്.ഐ. തസ്തികയിലേക്ക് നിയമന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഒഴിവുകളിൽ 84 എണ്ണം മാത്രമേ പോലീസ് വകുപ്പിൽ നിലവിലുള്ളൂ. ബാക്കിയുള്ള 255 എണ്ണം വിവിധ കോടതി ഉത്തരവുകൾ പ്രകാരം റിപ്പോർട്ട് ചെയ്ത അധിക ഒഴിവുകളാണ് (Excess Vacancy). അധിക ഒഴിവുകളിൽ നിയമനം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

സൈബർ കുറ്റകൃത്യങ്ങൾ

263 (240) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിനു കീഴിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇത്തരത്തിൽ ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ ലഭിച്ചതും കണ്ടെത്തിയതുമായ കേസ്സുകൾ എത്രയെണ്ണമെന്നും ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടിയെന്നും എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്താനുണ്ട് എന്നും വ്യക്തമാക്കുക;

(ബി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര ഓൺലൈൻ പെൺവാണിഭക്കേസുകൾ രജിസ്റ്റർ ചെയ്തു; ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി നിയമത്തിൻ കീഴിലെത്തിച്ചു; വിശദാംശം വ്യക്തമാക്കുക;

(സി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര ഹോംസ്റ്റേ പെൺവാണിഭകുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുകയുണ്ടായി; എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി നിയമത്തിനു മുന്നിൽ എത്തിച്ചു; വിശദാംശം വ്യക്തമാക്കുക;

(ഡി) സംസ്ഥാനത്തു ഓൺലൈൻ/ഹോം സ്റ്റേ പെൺവാണിഭം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിനു കീഴിലും, സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ വിഭാഗങ്ങളിൽ നിന്നും പ്രതികളായി കണ്ടെത്തിയവർ ആരെല്ലാം എന്നും ഇവർക്കെതിരെ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിലേക്കായി സംസ്ഥാന സൈബർ

LIBRARY ARCHIVES Kerala Legislative Assembly